# കാസറഗോഡ് ജില്ലയുടെ 2015 ഡിസംബർ 23 മുതൽ 27 വരെയുള്ള കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രവും ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്)

## എ. കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 23.12.15 | 24.12.15 | 25.12.15 | 26.12.15 | 27.12.15 |
|---|---|---|---|---|---|
| മഴ (മി. മീ.) | 00 | 00 | 00 | 00 | 00 |
| കൂടിയ താപനില (°C) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| മേഘ വിന്യാസം (ഒക്ടാ) | 02 | 02 | 02 | 02 | 02 |
| കൂടിയ ആപേക്ഷിക ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിൻെറ വേഗത (കി.മീ./മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിൻെറ ദിശ (ഡിഗ്രി) | 250 | 250 | 250 | 270 | 270 |

## ബി. കാർഷിക നിർദ്ദേശങ്ങൾ

| | |
|---|---|
| പൊതു നിർദ്ദേശങ്ങൾ | ആകാശം തെളിഞ്ഞതായിരിക്കും . വരും ദിവസങ്ങളിലെ കൂടിയ താപനില 35°C ഉം കുറഞ്ഞ താപനില 25°C ഉം ആയിരിക്കും. ആപേക്ഷിക ആർദ്രത 65-80% ആയിരിക്കും. കാറ്റിൻെറ വേഗത മണിക്കൂറിൽ 006കി.മീ. വരെ ആയിരിക്കും.<br><br>രണ്ടാം വിള നെല്ല് പലയിടങ്ങളിലായി പറിച്ചു നടുന്നതു മുതൽ ചിനപ്പു പൊട്ടുന്നതു വരെയുള്ള ഘട്ടങ്ങളിലാണ്. വാഴ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലാണ്. കവുങ്ങിൽ വിളവെടുപ്പ് തുടരുന്നു. കശുമാവ് പുഷ്പിക്കുന്ന സമയമാണ്. വിളകൾക്ക് തെക്കൻ വെയിലിൽ നിന്നും സംരക്ഷണം നൽകണം. ഈർപ്പം നഷ്ടപ്പെടാതിരിക്കാൻ വിളകളുടെ തടത്തിൽ പുതയിടുക. ഉല്പന്നങ്ങൾ പുറത്തിട്ട് ഉണക്കരുത്.<br><br>മരുന്ന് തളിക്കുന്നത് കാറ്റ് ഇല്ലാത്ത സമയത്ത് (രാവിലെയോ വൈകുന്നേരമോ) മാത്രമായിരിക്കണം. |
| നെല്ല് | ഓലച്ചുരുട്ടിപ്പുഴുവിന്റെ ആക്രമണം ഉണ്ടെങ്കിൽ മുള്ളുള്ള കമ്പ് ഉപയോഗിച്ച് (കതിരിടുന്നതിനു മുൻപെ മാത്രം) ഓലച്ചുരുളുകൾ തുറക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം, ഇതിനു പുറമെ 'ഫ്ളുബെൻഡൈഅമൈഡ്' ('കൊറാജൻ') കൂടി ഒരു മില്ലി 3 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കേണ്ടി വരും.<br><br>കുഴൽപ്പുഴുവിന്റെ ആക്രമണം ഉണ്ടെങ്കിൽ രാവിലെ മുറമോ കീടവലയോ ഉപയോഗിച്ച് ശലഭങ്ങളെ വീശിയെടുത്ത് നശിപ്പിക്കണം. പാടത്തെ വെള്ളം 48 മണിക്കൂർ നേരത്തേക്ക് വാർത്തു കളയുക. വെള്ളം പൂർണ്ണമായും വാർക്കാൻ സൗകര്യമില്ലാത്ത പാടങ്ങളിൽ നീരൊഴുക്ക് തടഞ്ഞതിനു ശേഷം 1 ലിറ്റർ മണ്ണെണ്ണ 8 ലിറ്റർ ചാരത്തിലോ ഉണക്കിപ്പൊടിച്ച ചാണകത്തിലോ കലർത്തി പാടത്ത് വിതറുക. ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം Takumi® 1 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കൊറാജൻ® 3 മി.ല്ലി.10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.<br><br>വൈകി വിതച്ച രണ്ടാം വിള ഞാറ്റടികളിൽ മുഞ്ഞ ശല്യം കണ്ടു വരുന്നു. വെള്ളം വാർത്തതിനു ശേഷം 'അസഫേറ്റ്®'3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ മിശ്രിതത്തിൽ 1 മില്ലി. പശ കൂടി ചേർത്ത് നെൽ ചെടിയുടെ ചുവട്ടിൽ നന്നായി തളിക്കുക. |

| | |
|---|---|
| തെങ്ങ് | ചെന്നീരൊലിപ്പ് രോഗം കാണുകയാണെങ്കിൽ തെങ്ങ് ഒന്നിന് 'കോൺടാഫ്' എന്ന കുമിൾനാശിനി 25 മില്ലി. 25 ലിറ്റർ ശുദ്ധജലത്തിൽ ചേർത്തിളക്കി തടത്തിൽ ചുറ്റും ഒഴിക്കണം. 30 ദിവസങ്ങളുടെ ഇടവേളകളിൽ രോഗലക്ഷണം പൂർണ്ണമായും അപ്രത്യക്ഷമാകുന്നതു വരെ ഈ പ്രക്രിയ തുടരേണ്ടതാകുന്നു. കുമ്മായം ഒറ്റത്തവണയായി 2 കി. ഗ്രാം എന്ന തോതിൽ ആദ്യത്തെ തവണ മരുന്നു നൽകിയതിനു 15 ദിവസത്തിനു ശേഷം മണ്ണിൽ ചേർത്തു കൊടുക്കേണ്ടതാണ്.<br><br>മണ്ണിലെ ഈർപ്പം നഷ്ടപ്പെടാതിരിക്കാൻ തടത്തിൽ പുതയിടുക. ഇടവിളകളായി പച്ചക്കറിക്കൃഷി, പയറു വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യാം. |
| കുരുമുളക് | പൊള്ളു രോഗം/കീടം മൂലമുള്ള ഇലകരിച്ചിലും തിരികൊഴിച്ചിലും മണി കറുക്കലും വ്യാപകമായി കാണുന്നു. ഇതിനെതിരെ ഒരു ശതമാനം ബോർഡോ മിശ്രിതത്തിൽ 2 മില്ലി 'ക്വിനാൾഫോസും' ഒരു മില്ലി പശയും ചേർത്തു തളിക്കുക. വള്ളികൾക്ക് തെക്കൻ വെയിലിൽ നിന്നും സംരക്ഷണം നൽക്കുക. |
| കവുങ്ങ് | മണി പൊഴിച്ചലും പൂങ്കുല കരിച്ചലും കാണുകയാണെങ്കിൽ 'കാലിക്സിൻ' 1 മില്ലി. 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്തിളക്കിയ ലായനിയിൽ 'അഗ്രോവെറ്റ്' പശ ഒരു മില്ലി ലിറ്റർ വീതം കലർത്തി കുലകളിൽ തളിക്കണം. തളിച്ച് ഒരാഴ്ച ആകുമ്പോഴത്തേക്ക് 1 ശതമാനം 'ബോർഡോ മിശ്രിതം' കൂടി തളിച്ചുകൊടുക്കണം. കൂടാതെ ജലസേചനമുള്ള തോട്ടങ്ങളാണെങ്കിൽ കവുങ്ങ് ഒന്നിന് 150 ഗ്രാം അധികമാത്ര പൊട്ടാഷ് നൽകണം. നേരത്തെ മഹാളി ബാധിച്ച് പൊഴിഞ്ഞു വീണ അടയ്ക്കകൾ, ഉണങ്ങിക്കരിഞ്ഞ പൂങ്കുലകൾ എന്നിവ ശേഖരിച്ച് നശിപ്പിക്കണം. |
| കശുമാവ് | തണ്ടു തുരപ്പൻ പുഴുവിനെ നിയന്ത്രിക്കുവാൻ തായ്ത്തടിയിലും പുറമെ കാണുന്ന വേരുകളിലും അസഫേറ്റ്® 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി പുരട്ടുക.<br><br>തേയിലക്കൊതുകിനെതിരെ വേപ്പെണ്ണ ഇമൽഷൻ 50 മില്ലി. ഒരു ലിറ്റർ സോപ്പുവെള്ളത്തിൽ (5ഗ്രാം ബാർസോപ്പ്/ഒരു ലിറ്റർ വെള്ളത്തിൽ) എന്ന തോതിൽ കലർത്തിയ ലായനി ഇലകളിൽ തളിക്കുക. |
| വാഴ | ഇലപ്പുള്ളി രോഗം വ്യാപകമായി കണ്ടു വരുന്നു. തോട്ടങ്ങളിൽ നല്ല നീർവാർച്ച ഉറപ്പു വരുത്തുക. രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിച്ചതിനു ശേഷം കുമിൾനാശിനിയായ 'കോൺടാഫ്' ഒരു മില്ലി ഒരു ലിറ്റർ എന്ന തോതിൽ ലിറ്ററിന് ഒരു മില്ലി പശ കൂടി ചേർത്തു തളിക്കുക. ഒരാഴ്ചക്കുള്ളിൽ തന്നെ ഒരു ശതമാനം ബോർഡോ മിശ്രിതം ലിറ്ററിന് ഒരു മില്ലി പശ കൂടി ചേർത്ത് തളിക്കുക. തടത്തിൽ വാഴ ഒന്നിന് ഒരു കിലോ കുമ്മായം വിതറുക. |
| പച്ചക്കറികൾ | പൊടിപ്പൂപ്പൽ രോഗം പടരുന്നത് തടയാൻ 'വെറ്റബിൾ സൾഫർ /ലൈം സൾഫർ' 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒരു മില്ലി. പശയും ചേർത്ത് തളിക്കുക. തളിക്കുമ്പോൾ തളിരിലകളിലും ഇലകളുടെ അടിവശത്തും കൊള്ളുവാൻ ശ്രദ്ധിക്കണം. നന്നായി മുരടിച്ച ഭാഗങ്ങൾ പറിച്ചെടുത്ത് നശിപ്പിച്ചു കളയുകയും വേണം. |

ഒപ്പ് /-
നോഡൽ ആഫീസർ